# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1239 06.02.2020 -ൽ മറുപടിയ്ക്ക്

## അദ്ധ്യാപകരുടെ ശാക്തീകരണം

ചോദ്യം മറുപടി

ശ്രീ.വി. അബ്ദുറഹിമാൻ

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(എ) അദ്ധ്യാപകർക്ക് വെക്കേഷൻ കാലത്ത് തന്നെ 8 ദിവസത്തെ പരിശീലനം നൽകി. വിവര വിനിമയസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തു ന്നതിന് ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് നാലു ദിവസം വീതം പ്രത്യേക ഐ.സി.ടി. പരിശീലനം ഇതിൽ ഉൾപ്പെടുത്തി 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകി. ഹയർസെക്കണ്ടറിക്ക് 4 ദിവസത്തെ ഐ.ടി പരിശീലനം വെക്കേഷൻകാലത്ത് നൽകി .

ജില്ലകളിലെ അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളായ ഡയറ്റുകളിൽ പുതുതായി അദ്ധ്യാപകരെ നിയമിച്ച് ഉന്നത നിലവാരത്തിലുള്ള ഏഴു ദിവസത്തെ പരിശീലനം നൽകി. ഹയർസെക്കന്ററി അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് പത്തുദിവസത്തെ പരിശീലനം എച്ച്.എസ്.എസ്.ടി.പി.എന്ന പേരിൽ നല്കി. പ്രൈമറി, സെക്കന്ററി, അദ്ധ്യാപകർക്ക് സമഗ്രശിക്ഷ കേരളയും കൈറ്റും ചേർന്ന് അക്കാദമികവും സാങ്കേതികവും ആയ പരിശീലനം നല്കി. പുതുതായി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് ഇൻഡക്ഷൻ പരിശീലനം നല്കാൻ പദ്ധതി തയ്യാറാക്കി പരിശീലന പരിപാടികൾ തുടക്കം കുറിച്ചു. ഇതിൽ 'കൂൾ ' എന്ന പേരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തുന്ന ഐ.സി.ടി പരിശീലനവും ഉൾപ്പെടുന്നു.

പരിശീലനത്തിനായി അദ്ധ്യാപകർ പോകുമ്പോൾ കുട്ടികൾക്ക് ക്ലാസ്സുകൾ നഷ്ടപ്പെടാതിരിക്കാൻ സ്കൂൾ അധിഷ്ഠിത അദ്ധ്യാപക പരിശീലനത്തിന്റെ സാധ്യതകൾ ചില സ്കൂളുകളിൽ നടപ്പാക്കി. അദ്ധ്യാപകർക്കായി ഓൺലൈൻ കോഴ്സ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

ബി) അദ്ധ്യാപകരുടെ കാര്യക്ഷമത മെച്ചപ്പെട്ടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) സാങ്കേതികവിദ്യ പഠനപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുന്നതിന് ഐ.ടി. ഉപകരണങ്ങൾ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനും ഡിജിറ്റൽ പഠന വിഭവങ്ങളുടെ സഹായം ഉറപ്പുവരുത്തുന്നതിനും പ്രത്യേക പരിശീലനങ്ങൾ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം സേവനകാല അദ്ധ്യാപക പരിശീലന പരിപാടികൾ, ഓൺലൈൻ കോഴ്സുകൾ, ഇൻഡക്ഷൻ പരിശീലന പരിപാടികൾ എന്നിവ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്.

സി) അദ്ധ്യാപകരുടെ കാര്യക്ഷമത മോണിറ്റർ ചെയ്യുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ;

സി) ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിലും അക്കാദമിക മോണിറ്ററിംഗ് ഫലപ്രദമായി നടന്നുവരുന്നു.

ഡി) വിദ്യാലയങ്ങളിലെ മോണിറ്റർ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടിസ്വീകരിക്കുമോ?

ഡി) ഉപജില്ലാ തലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺവീനർമാരായും ബ്ലോക്ക് പ്രോഗ്രാം കോ - ഓർഡിനേറ്റർ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ അംഗങ്ങളായും, വിദ്യാഭ്യാസ ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺവീനർമാരായും സമഗ്ര ശിക്ഷാ പ്രോഗ്രാം ഓഫീസർ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് ആഴ്ചയിൽ കുറഞ്ഞത് രണ്ട് സ്കൂളുകളെങ്കിലും സന്ദർശിച്ച് പ്രത്യേകം തയ്യാറാക്കി നൽകിയിട്ടുള്ള ഫോർമാറ്റിൽ റിപ്പോർട്ട് നൽകുന്നുണ്ട്. ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ കൺവീനർമാരായും ജില്ലാ പ്രോഗ്രാം കോ- ഓർഡിനേറ്റർമാർ, ഡയറ്റ് പ്രിൻസിപ്പാൾമാർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ കുറഞ്ഞത് രണ്ട് സ്കൂളുകളെങ്കിലും

സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. സംസ്ഥാന തലത്തിൽ ചേരുന്ന വിദ്യാഭ്യാസ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അതാത് ജില്ലകളിൽ നടത്തിയിട്ടുള്ള അക്കാദമിക് മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ